"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം - ശ്രീ. ഉണ്ണി കൃഷ്ണപണിക്കർ, കൃഷ്ണവിലാസം, മീനടം, കോട്ടയം -സമർപ്പിച്ച അപ്പീൽ ഹർജി - തീർപ്പാക്കി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.519/2026/ID തീയതി,തിരുവനന്തപുരം, 06-05-2026

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റ് 1/7/2024 തീയതിയിലെ 1894/DOY/ML/2017 നമ്പർ നോട്ടീസ്.
2. ശ്രീ. ഉണ്ണികൃഷ്ണപണിക്കർ, കൃഷ്ണവിലാസം, മീനടം സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 25/6/2025 ലെ ഡി.എം.ജി/2633/2024- M4 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കോട്ടയം താലൂക്കിൽ മീനടം വില്ലേജിൽ ബ്ലോക്ക് നം.38 റീസർവ്വേ നം.165/1-5 ൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടും, ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പോലും പൂർത്തിയാക്കിയതായി അറിയിക്കാത്തതിനെ തുടർന്ന് നീക്കം ചെയ്യുവാൻ അനുവദിച്ച 1200 മെ.ടൺ സാധാരണ മണ്ണിന്റെ 5 മടങ്ങ് റോയൽറ്റിയായ 1,20,000/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കോട്ടയം ജിയോളജിസ്റ്റ് പുറപ്പെടുവിച്ച ഡിമാന്റ് നോട്ടീസിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീ. ഉണ്ണിക്കൃഷ്ണ പണിക്കർ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്.

2) അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ അഡീഷണൽ സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു. ഹർജിക്കക്ഷിയും ബന്ധപ്പെട്ട കക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3.രോഗം ബാധിച്ച് സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് അടിത്തറ നിർമ്മാണം നടത്തുവാൻ കഴിഞ്ഞില്ലെന്നും അതിനാൽ തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു.

4. ശ്രീ. ഉണ്ണികൃഷ്ണപണിക്കർ, എന്ന വ്യക്തി, കോട്ടയം താലൂക്കിൽ മീനടം വില്ലേജിൽ ബ്ലോക്ക് 38-ൽ, സർവ്വേ നം. 165/1-5-ൽ പ്പെട്ട സ്ഥലത്ത് വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന്

അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചതിൽ മീനടം ഗ്രാമപഞ്ചായത്തിൻറെ ഡെവലപ്മെൻ്റ് പെർമിറ്റ്, പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ ടി രേഖകളിൽ പറഞ്ഞിട്ടുള്ള പ്രകാരം **3.41** ആർ സ്ഥലത്ത് നിന്നും **600** ക്യൂബിക് മീറ്റർ മണ്ണ് നീക്കുന്നതിന് ജില്ലാ ആഫിസിൽ നിന്നും അനുമതി നൽകിയിരുന്നു. ജി.ഓ (പി) നം.**25/2017** തീയതി **22/06/2017** പ്രകാരമുള്ള സർക്കാർ ഉത്തരവിൽ പഞ്ചായത്തിൻറെ ബിൽഡിംഗ് പെർമിറ്റും ഡെവലപ്മെൻറ് പെർമിറ്റും ഉപയോഗിച്ച് സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിൻറെ അടിത്തറ എങ്കിലും നിർമ്മിക്കണമെന്നും അല്ലാത്ത സാഹചര്യത്തിൽ ടി പ്രവർത്തി അനധികൃതമായി കണക്കാക്കി റോയൽറ്റിയുടെ **5** ഇരട്ടി ഈടാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ആയത് പ്രകാരം വീട് നിർമ്മിച്ചത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് കരസ്ഥമാക്കി ഹാജരാക്കുന്നതിന് നോട്ടീസ് നൽകിയതിൽ രോഗം ബാധിച്ച് സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് നിർമ്മാണം നടത്താതിരുന്നതെന്ന് ബോധിപ്പിച്ചിരുന്നു. ടി കാരണത്താൽ ടിയാന് ഇളവ് അനുവദിക്കുന്നതിന് ജില്ലാ ഓഫീസിന് നിർവ്വാഹമില്ലാത്തതിനാൽ **600** ക്യുബിക് മീറ്റർ (**1200** മെടിക് ടൺ) സാധാരണ മണ്ണിൻറെ റോയൽറ്റിയുടെ **5** മടങ്ങ് ഇനത്തിൽ **1,20,000/-** രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) അടക്കുന്നതിന് നിർദ്ദേശിച്ചാണ് അപ്പിൽ കക്ഷിക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളത്. രോഗം ബാധിച്ച് സാമ്പത്തിക സ്ഥിതി മോശമായി എന്ന കാരണത്താൽ ടിയാന് ഇളവ് അനുവദിക്കുന്നതിന് ജില്ലാ ഓഫീസിന് നിർവ്വാഹമില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ ഡിമാൻഡ് നോട്ടീസ് തുക ഈടാക്കുന്നതിന് ഉത്തരവാകണമെന്ന് ഡി.എം.ജി ശുപാർശ ചെയ്തിരിക്കുന്നു.

**3)** അപ്പീൽ അധികാരി വിഷയം വിശദമായി പരിശോധിച്ചു. സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിൻറെ അടിത്തറ എങ്കിലും നിർമ്മിക്കണമെന്നും അല്ലാത്ത സാഹചര്യത്തിൽ ടി പ്രവർത്തി അനധികൃതമായി കണക്കാക്കി കെ.എം.എം സി ചട്ടം **14(5)** പ്രകാരം റോയൽറ്റിയുടെ **5** ഇരട്ടി പെനാൽറ്റി ആയി ഈടാക്കുമെന്ന വ്യവസ്ഥ നിഷ്ക്കർഷിച്ചു കൊണ്ടാണ് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നല്കിയത്.കക്ഷി അടിത്തറ നിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ കെ.എം.എം സി ചട്ടം **14(5)** പ്രകാരം പെനാൽറ്റി ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്.ടി സാഹചര്യത്തിൽ കോട്ടയം ജില്ലാ ജിയോളജിസ്റ്റ് പരാമർശം ഒന്ന് പ്രകാരം നൽകിയ ഡിമാനറ് നോട്ടീസ് നിലനിറുത്തി കൊണ്ടും ആയതനുസരിച്ചുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിക്കൊണ്ടും ശ്രീ. ഉണ്ണികൃഷ്ണ പണിക്കർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ. ഉണ്ണികൃഷ്ണപണിക്കർ, കൃഷ്ണവിലാസം, മീനടം, കോട്ടയം **686 516**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 08-05-2026 09:51:11